# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6290 — 11.07.2012 - ലെ മറുപടിക്ക്

## <u>നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ നടപടികൾ</u>

| **ചോദ്യം** | **<u>ഉത്തരം</u>** |
|---|---|
| ശ്രീ. പി.റ്റി.എ. റഹീം | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതിന്റെ ഭാഗമായി ചില സമുദായങ്ങളിലെ അപേക്ഷകൾ പലവട്ടം പരസ്യം ചെയ്തിട്ടും ലഭ്യമാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി പി.എസ്.സി. ഏതെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ; | (ബി) തുടർച്ചയായ എൻ.സി.എ. വിജ്ഞാപനങ്ങൾക്കു ശേഷവും, നിശ്ചിത സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യം പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആയത് പരിഹരിക്കുന്നതിനുള്ള ഭേദഗതി നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) ഇതേ കാര്യത്തിൽ നിയമസഭയുടെ പിന്നോക്കസമുദായ സമിതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ; | (സി) ഇതേ വിഷയത്തിൽ നിയമസഭയുടെ പിന്നോക്കസമുദായ സമിതി സർക്കാരിൽ നിന്ന് വിശദാംശങ്ങൾ ആരാഞ്ഞിരുന്നുവെങ്കിലും, നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല. |
| (ഡി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കാമോ ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ